## നൊന്ത് പ്രസവിക്കാത്ത അമ്മമാർ

**എം. സാജിദ്** എഴുതിയ 'മൂല്യങ്ങളേ മാറി നിൽക്കൂ, വാടക മാതൃത്വം മുന്നോട്ട്' എന്ന കവർസ്റ്റോറി (ലക്കം 6) ശാസ്ത്ര പരീക്ഷണങ്ങളുടെ ബൗദ്ധിക അടുപ്പിൽ വെന്തുപൊങ്ങുന്ന മനുഷ്യബന്ധങ്ങളുടെ ദാരുണ കഥ പറയുന്നു. അടുത്തിടെ മലയാള പത്രങ്ങളിൽ പോലും പ്രത്യക്ഷപ്പെട്ട വാടക മാതാക്കൾക്കു വേണ്ടിയുള്ള പരസ്യം വരാനിരിക്കുന്ന ദുരന്തത്തിന്റെ ഓർമപ്പെടുത്തലാണ്. വാടക ഗർഭപാത്രത്തിലൂടെ നേടിയെടുത്ത കുഞ്ഞിനോട് പാവയോടെന്ന പോലെ ഒരു യാന്ത്രിക ബന്ധം മാത്രമേ ഉണ്ടാവൂ. ഇസ്‌ലാമിക പണ്ഡിതലോകം ഇതിനെ നിഷിദ്ധമെന്ന് പ്രഖ്യാപിച്ചത് ആശക്ക് വക നൽകുന്നു. ഇത് മനുഷ്യത്വത്തോടുള്ള വെല്ലുവിളിയായി കണ്ട് ശക്തമായ നിയമനിർമാണം നടത്താൻ ലോക രാഷ്ട്രങ്ങൾ മുന്നോട്ടു വരണം.

**ശമീമ എസ് മുസ്വദ്ദിഖ്**
**പുതുപ്പള്ളിത്തെരുവ്, പാലക്കാട്**


### മൗദൂദി കൃതികളുടെ ഓഡിയോ

സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ *ഇസ്‌ലാം മതം, ഖുത്ബാത്, രക്ഷാസരണി, സത്യസാക്ഷ്യം* എന്നീ വിഖ്യാത കൃതികളുടെ മലയാള ശബ്ദാവിഷ്കാരം ജമാഅത്ത് സൈറ്റിൽ ഉൾപ്പെടുത്തി. സൈറ്റിൽനിന്ന് (ഗാലറി-ഓഡിയോ വീഡിയോ) നേരിട്ട് കേൾക്കാനും ഡൗൺലോഡ് ചെയ്യാനും സൗകര്യമുണ്ട്.

**www.jihkerala.org**


### കത്തുകൾ




## സാമൂഹികപാഠത്തിൽ കമ്യൂണിസ്റ്റുകൾക്ക് പറ്റിയത്

**മതം** വിവക്ഷിക്കുന്ന ആശയ സംഹിതയോ കമ്യൂണിസം സ്ഫുരിപ്പിക്കുന്ന തത്ത്വശാസ്ത്രമോ ഏതാണ് വലുതും പുരോഗമനാത്മകവുമായത് എന്ന ചിന്തയാണ് വർത്തമാനകാലത്ത് ഏഴാംതരത്തിലെ സാമൂഹികപാഠ പുസ്തകം ഉയർത്തിവിടുന്നത്. മനുഷ്യന്റെ മിക്ക കർമങ്ങളുടെയും അന്തഃചോദന, മനസ്സിൽ കുടിയേറിയ ആശയമാണ്. അതിന്റെ സജീവത, ചരിത്രം ഒരുക്കാൻ മാത്രം കരുത്തുറ്റതുമാണ്. പരിവർത്തനങ്ങൾ പിറവി കൊള്ളുന്നത് അതിനെ ആസ്പദമാക്കിയും. പ്രസ്ഥാനങ്ങൾ ഉരുവെടുക്കുന്നതും ഉയർച്ച നേടുന്നതും 'ആശയം' കാലങ്ങൾക്ക് ആവശ്യമുണ്ടോ എന്നതിന്റെ അടിസ്ഥാനത്തിലാണ്. ആശയത്തിന്റെ ഈവക വികാസ പരിണാമങ്ങൾ പരിശോധിക്കുമ്പോഴാണ് മതം പ്രസക്തവും കമ്യൂണിസം അപ്രസക്തവുമാണെന്ന് വരുന്നത്.

പുരോഗതി എന്ന വാക്കിന്റെ അർഥം മുമ്പോട്ടുള്ള യാത്ര എന്നാണ്. അറിവില്ലായ്മയിൽനിന്നും അറിവിലേക്കുള്ള യാത്ര. തന്റെ ഇഛ അനുസരിച്ചല്ല താൻ ജനിച്ചതെന്ന അറിവും തനിക്ക് അതീതമായ ഒരു ശക്തിയാണ് അതിനു പിന്നിലെന്ന ബോധവുമായിരുന്നു അത്. ആ അതീത ശക്തിയോട് വിധേയത്വം കാട്ടാനുള്ള സ്വാഭാവികമായ ആഭിമുഖ്യം- അതായിരുന്നു ദൈവത്തെ തേടൽ. ദൈവമെന്ന ഈ പദമാണ് അലോസരമെങ്കിൽ മറ്റേതെങ്കിലും നാമം തേടുക. എങ്ങനെയായാലും ഭാഷ്യം നൽകാതെ പറ്റില്ല. ചരിത്രത്തിന്റെ ഏതു കോണു പരതിയാലും ഈ വസ്തുത ശരിയാണെന്ന് കണ്ടെത്താനാകും. ലോകം നിർമിക്കാൻ മനുഷ്യരാശി ഉപയോഗപ്പെടുത്തിയിട്ടുള്ള ആശയങ്ങൾ, വിശ്വാസങ്ങൾ, ആദർശങ്ങൾ, ആചാരങ്ങൾ, സാഹിത്യം, കല, ശാസ്ത്രം, തത്ത്വചിന്ത, മതം തുടങ്ങിയവയെല്ലാം പരതുക. വിധേയത്വത്തിനുള്ള ഈ ത്വര അവിടെയെല്ലാം കണ്ടെത്താനാകും. റഷ്യൻ വേദികളിൽ കളിക്കുന്ന നൃത്തത്തിന്റെ പാട്ടിനും കശ്മീരിൽ കളിക്കുന്ന നൃത്തച്ചുവടിനും പകരുന്ന സംഗീതം ഒന്നു ശ്രദ്ധിച്ചാൽ മതി ഈ വസ്തുത ശരിയാണെന്ന് ബോധ്യപ്പെടാൻ. രണ്ടും ദൈവപ്രീതി കാംക്ഷിച്ചുള്ളവതന്നെ.

മതം പള്ളിക്കൂടത്തിൽ ചെന്ന് ഇല്ലായ്മ ചെയ്യാവുന്ന ഒന്നല്ല എന്നാണ് പറഞ്ഞുവരുന്നത്. കമ്യൂണിസത്തെ ഒരു ദർശനമായാണ് കരുതുന്നതെങ്കിൽ അത് തികച്ചും ഭൗതികതയിൽ അധിഷ്ഠിതമാണ്. അതുകൊണ്ടുതന്നെ അത് സമഗ്രമോ ആധികാരികമോ അല്ല. കമ്യൂണിസ്റ്റുകൾക്ക് മതവുമാകാം എന്ന് അതിന്റെ നേതാക്കന്മാർ ഇടക്കിടെ പറയുന്നത് വഞ്ചനയാണ്. മതവും കമ്യൂണിസവും സംഗമിക്കുന്ന ഒരിടവുമില്ല. രണ്ടിന്റെയും വഴികൾ വിഭിന്നവും സമാന്തരവുമാണ്. ചിന്ത ആത്മാർഥതയോടെ ഉള്ളതാണെങ്കിൽ ഒന്നുകിൽ കമ്യൂണിസ്റ്റാകാം, അല്ലെങ്കിൽ മതവിശ്വാസിയാകാം.

സമൂഹ നിർമാണത്തിൽ മതവിശ്വാസികൾ കമ്യൂണിസ്റ്റുകളേക്കാൾ എത്രയോ മുമ്പിലാണ്. അതിനാൽ ഒരുവക വിഷയത്തിലും കമ്യൂണിസ്റ്റുകൾക്ക് അവരെ അതിജയിക്കാനാവില്ല. തങ്ങളുടെ ഈ പരിമിതി പാഠപുസ്തകങ്ങളിലൂടെ മറികടക്കാമെന്നാണ് ചിലരുടെ വിചാരം. അതവരെ ഗതിയില്ലായ്മയിലാക്കുകയേയുള്ളൂ. ഇതേ ജനുസിൽപെട്ട കുതന്ത്രങ്ങൾ കാണിച്ച സ്ഥലങ്ങളിലെ പാഠം നമുക്ക് മുമ്പാകെ ഉണ്ടല്ലോ. ചരിത്രം നൽകുന്ന പാഠങ്ങൾ മറക്കാതിരിക്കുക. ചരിത്രം എന്നാൽ 'പാട്ടബാക്കി' യിലോ ഭൂപരിഷ്കരണത്തിലോ തളംകെട്ടി കിടക്കുകയല്ല.

പാഠപുസ്തക നിർമാണം ഒരു ചരിത്ര നിർമിതിയാണ്. അതിനാൽ ചരിത്രം നിർമിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പല കാര്യങ്ങളും ഈ വിഷയത്തിന് ബാധകമാണ്. യാഥാർഥ്യമില്ലാത്തതിനെ വിദ്യാർഥികളുടെ മനസ്സിലൂടെ ഊതിത്തെളിക്കാൻ ശ്രമിക്കുന്നത് വലിയ പാതകമാണ്.

**സജീദ് ഖാൻ പനവേലിൽ**

## നിർവചനം പിഴച്ചപ്പോൾ

**'ദർശനങ്ങളും** മനുഷ്യ മാതൃകകളും' എന്ന സമീർ വടുതലയുടെ കവർസ്റ്റോറി (ലക്കം 5) ശ്രദ്ധേയമായി. തരിശ് ഭൂമിയിൽ മഴ പെയ്യുമ്പോൾ സസ്യങ്ങൾ കിളിർക്കാറുണ്ട്. അവക്ക് ആയുസ്സ് വളരെ കുറവായിരിക്കും. ലോകത്ത് മനുഷ്യൻ പടുത്തുയർത്തിയ ദർശനങ്ങളും ഏതാണ്ട് ഇതുപോലെതന്നെയാണ്. മേലാളന്മാരുടെ മർദനങ്ങൾ സഹിക്കവയ്യാതെയാണ് സാധാരണക്കാർക്കിടയിൽ കമ്യൂണിസം മുളപൊട്ടിയത്. സുഖഭോഗ തൃഷ്ണയുടെയും സ്വാർഥതയുടെയും ധനപ്രേമത്തിന്റെയും കുത്തൊഴുക്കിൽ ഇന്ന് ആ ദർശനം വാടിക്കരിഞ്ഞ് മണ്ണോടു ചേരാൻ കാത്തു നിൽക്കുന്നു. ലേഖകൻ അടിവരയിട്ടതുപോലെ, എല്ലാവർക്കും തെറ്റു പറ്റിയത് മനുഷ്യനെ നിർവചിച്ചതിലാണ്.

**കെ.എ അബ്ദുൽ മുഇസ്സ്**
**ഫോർട്ട് കൊച്ചി**